**അതിരപ്പിള്ളി : ബഹു. തൃശൂർ ജില്ലാ കളക്ടർക്ക്**

മണ്ണും ജലവും വായുവും ജൈവസമ്പത്തുമടങ്ങുന്ന പ്രകൃതിവിഭവങ്ങളെ ജനങ്ങൾക്കും മറ്റു ജീവജാലങ്ങൾക്കും വേണ്ടി സംരക്ഷിക്കുവാനും നിലനിർത്താനും പരിപോഷിപ്പിക്കാനും ഇന്ത്യൻ ഭരണഘടന ഭരണകൂടത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ചാലക്കുടിപ്പുഴയെ സംബന്ധിച്ച ഭരണഘടനാപരമായി തങ്ങളിൽ അർപ്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ മാറിമാറിവന്ന സംസ്ഥാന സർക്കാരുകൾ പരാജയപ്പെട്ടിരിക്കുകയാണ്. പറമ്പിക്കുളം-അലിയാർ പദ്ധതിക്ക് അംഗീകാരം നൽകുക വഴി ഈ പുഴയുടെ പല കൈവഴികളുടെയും താഴേയ്ക്കൊഴുകുവാനുള്ള അവകാശം നിഷേധിച്ചപ്പോഴും, പുഴയെ നിലനിർത്തുന്ന വനങ്ങൾക്ക് നാശം വരുത്തുന്നത് തടയാതിരുന്നപ്പോഴും, പുഴയുടെ പൊതുവിലുള്ള ആരോഗ്യത്തെയും പുഴയെ ആശ്രയിക്കുന്നവരുടെ താൽപ്പര്യങ്ങളെയും അവഗണിച്ചുകൊണ്ട് തങ്ങളുടെ മാത്രം താൽപര്യമനുസരിച്ച് പുഴയെ നിയന്ത്രിക്കാൻ കെ.എസ്.ഇ.ബി.യെ അനുവദിച്ചപ്പോഴും പുഴയുടെ അടിത്തട്ടിനെ മാന്തിവിറ്റു കാശാക്കി നാട്ടുകാരുടെ കുടിവെള്ളം മുട്ടിക്കാനും പുഴയുടെ സൂക്ഷ്മപരിസ്ഥിതിയെ തകർക്കാനും കൂട്ടുനിന്നപ്പോഴും, പുഴയെ മലിനമാക്കാൻ പലരേയും അനുവദിച്ചപ്പോഴും എല്ലാം ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സർക്കാരുകൾ പരാജയപ്പെടുകയായിരുന്നു.

ഏറ്റവുമൊടുവിൽ ജനങ്ങളുടെ ഇച്ഛയ്ക്ക് വിരുദ്ധമായി അവശേഷിക്കുന്ന പുഴയെക്കൂടി നശിപ്പിക്കുന്ന വിധം അതിരപ്പിള്ളി ജലവൈദ്യുതപദ്ധതി നടപ്പിലാക്കാൻ സർക്കാർ ശ്രമിക്കുമ്പോൾ ഈ പ്രകൃതിവിഭവത്തിന്റെ സംരക്ഷണച്ചുമതലയുള്ള കസ്റ്റോഡിയനിൽ ഇവിടുത്തെ ജനങ്ങൾക്കുള്ള വിശ്വാസം പൂർണ്ണമായി നഷ്ടമാകുകയാണ്.

''വനങ്ങൾ, തടാകങ്ങൾ, നദികൾ, വന്യജീവികൾ എന്നിവയുൾപ്പെടെയുള്ള സ്വാഭാവിക പരിസ്ഥിതി സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും എല്ലാ ജീവികളോടും അനുകമ്പ കാണിക്കുകയും ഓരോ പൗരന്റെയും കടമയാണ്'' എന്ന് ഇന്ത്യൻ ഭരണഘടന 1976ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചാലക്കുടിപ്പുഴയെ ഇപ്പോഴത്തെ അവസ്ഥയിൽ നിന്ന് കൂടുതൽ മോശമാകാനനുവദിക്കാതെയും പഴയ പ്രതാപം കുറെയെങ്കിലും തിരികെ കൊണ്ടുവരാനും പുഴയെയും പുഴയെ നിലനിർത്തുന്ന പരിസ്ഥിതിയെയും പുഴ നിലനിർത്തുന്ന മനുഷ്യരടക്കമുള്ള ജീവജാലങ്ങളെയും സംരക്ഷിക്കാനും പ്രതിജ്ഞയെടുത്തുകൊണ്ട് ഭരണഘടന ഏൽപ്പിക്കുന്ന ചുമതല നിറവേറ്റുവാനായി ഈ പുഴയുടെ സംരക്ഷണവും പരിപോഷണവുമടക്കമുള്ള ഉത്തരവാദിത്വങ്ങളും ചുമതലകളും നദീതടത്തിലെ ജനങ്ങൾ ഏറ്റെടുക്കുകയാണ്. ഈ പുഴയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഏജൻസികൾ നടപ്പിലാക്കുകയാണെങ്കിലും ആയത് ജനങ്ങളുടെ പരിപൂർണ്ണമായ സമ്മതത്തോടുകൂടിയായിരിക്കണം എന്നുകൂടി താങ്കളെ അറിയിക്കട്ടെ.

വിശ്വസ്തതയോടെ, ചാലക്കുടിപ്പുഴ/അതിരപ്പിള്ളി
16-8-2007 സംരക്ഷണത്തിനായുള്ള ജനങ്ങൾ

# രോഗം വിതയ്ക്കുന്ന ഭോജനശാലകൾ

ഒരു ജീവിതമാർഗ്ഗം എന്ന നിലയിലാണ് ഹോട്ടലുകൾ തുടങ്ങുന്നത്. തുടങ്ങിക്കഴിഞ്ഞാൽ പിന്നീട് നിലനിൽപ്പാണ് പ്രധാനം. നിലനിൽക്കണമെങ്കിൽ ധാരാളം ആളുകൾ വരണം. ആളുകൾ വരണമെങ്കിലോ? രുചകരമായ ഭക്ഷണം വിളമ്പണം. അതിനായി രുചിവർദ്ധക വസ്തുക്കൾ ചേർക്കണം. ഇതിൽ പ്രധാനമാണ് അജിനോമോട്ടോ. ഒരു സന്ധ്യക്കുള്ള കറികളിൽ 1 സ്പൂൺ ചേർത്താൽ തന്നെ രുചി അറുപത് ഇരട്ടിയോളം വർദ്ധിക്കുമത്രെ. ജപ്പാൻ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ അജ്നമോട്ടോ പട്ടിപിടുത്തത്തിനാണ് ഉപയോഗിക്കുന്നത്. ബിസ്കറ്റിൽ അളവ് കൂട്ടിചേർത്ത് വഴിയിൽ ഇട്ടാൽ ഇതിന്റെ മണംകൊണ്ട് അകലങ്ങളിലൂടെ പോകുന്ന നായ്ക്കൾ മണത്തറിഞ്ഞ് വന്ന് തിന്നും. പത്തടി നടക്കുമ്പോഴേക്കും നായ്ക്കൾ കുഴഞ്ഞുവീഴും. അവിടുന്ന് മരുന്നു കുത്തിവെച്ച് കൊല്ലും. ഇവിടെ കമ്പിക്കുരുക്കുണ്ടാക്കി പിടിക്കുന്നതിനുപകരം അവിടെ അജിനോമോട്ടോ. അവിടുത്തെ നായയുടെ ഗതിതന്നെയാണ് ഇവിടുത്തെ മനുഷ്യർക്കും. പെട്ടെന്ന് കുഴഞ്ഞുവീഴുന്നില്ല എന്നു മാത്രം. പലപ്പോഴും ഹോട്ടലുകളുടെ സമീപത്തുകൂടെ നടന്നു പോകുമ്പോൾ ആകർഷകമായ ആഹാരത്തിന്റെ മണം അനുഭവപ്പെടും. വീട്ടിൽനിന്നും ഭക്ഷണം കഴിച്ചുവരുന്ന ആളാണെങ്കിലും അവിടെ കയറി എന്തെങ്കിലും കഴിച്ചുപോകും. ടൗണുകളിൽ ഭക്ഷണം കഴിച്ച ഹോട്ടലുകളെ ആരുംമറക്കില്ല. കോഴിക്കോട് ടൗണിൽ ആണ് വരുന്നതെങ്കിൽ ആവശ്യം കല്ലായി ഭാഗത്താണെങ്കിലും ഊണ് സമയമാകുമ്പോഴേക്കും മാവൂർ റോഡിൽ എത്തിയിരിക്കും. രണ്ടു സുഹൃത്തുക്കൾ ഒരുമിച്ചാണ് യാത്ര ചെയ്യുന്നതെങ്കിൽ ഭക്ഷണം കഴിക്കുന്ന കാര്യത്തിൽ രണ്ടു ഹോട്ടലുകളുടെ പേരിൽ വാശി പിടിക്കും.

രണ്ടാമതായി മസാലക്കൂട്ടുകളിൽ ചേർക്കുന്ന കൃത്രിമ കളറുകളാണ്. പല കളറുകളും വൃക്ക, കരൾ, തലച്ചോറ് എന്നിവയുടെ പ്രവർത്തനത്തെ താറുമാറാക്കുന്നവയാണ്. പിന്നീടുള്ളത് എണ്ണ പലഹാരങ്ങളാണ്. ഇത് ഏറ്റവും കൂടുതൽ വിപണനം നടക്കുന്നത് വഴിയോരക്കച്ചവടം വഴിയാണ്. ഒരേ എണ്ണയിൽ തന്നെ വീണ്ടും വീണ്ടും പൊരിക്കുന്നത് അക്രോലിൻ എന്ന വിഷവസ്തു ഭക്ഷണത്തിൽ കലരാൻ സാദ്ധ്യതയുണ്ട്. മത്സ്യം, മാംസം തുടങ്ങിയവയിലെ പ്രോട്ടീനും എണ്ണയിലെ കൊഴുപ്പും പൊരിയുമ്പോഴുണ്ടാകുന്ന കരിഞ്ഞ അവസ്ഥയും ക്യാൻസർ, ഹൃദ്രോഗം പോലുള്ള രോഗങ്ങൾക്ക് കാരണമാകും. വഴിയോര കച്ചവടക്കാർ എണ്ണ പലഹാരങ്ങൾ പഴയ വർത്തമാന കടലാസിലാണ് പൊതിഞ്ഞുകൊടുക്കുക. ഇത് ഭക്ഷിക്കുക വഴി അച്ചടിമഷിയിലെ പ്ലംബം എന്ന വസ്തുവും വയറ്റിലെത്തും. ഇത് സ്ഥിരമായ വയറുവേദനക്ക് കാരണമാകും. പൊക്കിൾകൊടിയിൽ നിന്നും നട്ടെല്ല് ഭാഗത്തേക്ക് ഒരു നൂൽ കെട്ടി വലിക്കുന്നതുപോലെയുള്ള വേദനയായിരിക്കും ഉണ്ടാകുക.

കച്ചവടക്കാർ പാവങ്ങളാണ്. അവർ ഇതൊന്നും അറിഞ്ഞുകൊണ്ട് ചെയ്യുന്നതല്ല. നല്ല രുചിയും നിറവുമുള്ള ആഹാരവസ്തുക്കൾ നൽകണമല്ലോ? അതുകൊണ്ട് മാത്രമാണ് അവരിതൊക്കെ ചെയ്യുന്നത്. അവരും ഇതേ ആഹാരങ്ങൾ കഴിക്കുന്നവരാണ്.

*ഡോ. എൻ.കെ. ശ്രീധരൻ, ജെ.എം. ഹോസ്പിറ്റൽ,*
*എ.എം. യൂണിറ്റ്, തളിക്കുളം*

## നമുക്കു പാകമാകുന്ന കളസം!

അനശ്വരനായ ലാറി ബേക്കറിന്റെ 'ഇന്ത്യയിലെ ഇന്നത്തെ കെട്ടിട നിർമ്മാണത്തിൽ കലയുണ്ടോ?' എന്ന പരിശോധനക്കുറിപ്പ് (2007 മെയ് ലക്കം) പ്രസക്തമായിരുന്നു.

ജീവാത്മാവിനെ ദീർഘചതുര കട്ടയ്ക്കുള്ളിൽ തളച്ച് ആഗോള ഗ്രാമീണനായി വിലസുന്ന മലയാളിയ്ക്ക് ഇനി മുതൽ പാടങ്ങളും തൊടികളും അപൂർവ്വ ദൃശ്യങ്ങളായി മാറുവാൻ അധികകാലം വേണ്ടിവരില്ല. സ്വത്വം പാശ്ചാത്യർക്ക് അടിയറവെച്ചുള്ള മലയാളി എന്നല്ല ഏതൊരു ഇന്ത്യക്കാരന്റെ അന്ധമായ ആഡംബര പ്രണയത്തിൽ കെട്ടിപ്പൊക്കുന്ന മണിസൗധങ്ങളിൽ സമാധാനത്തോടെ അന്തിയുറങ്ങുവാൻ സാധിക്കുമോ? ഒരു 'വിദേശി'യായ ലാറി ബേക്കറെന്ന വാസ്തുശില്പി ഹൃദയം തുറന്ന് പറയുകയാണിവിടെ, ''ഇതാണ് ഇന്ത്യക്കാരാ, നിനക്ക് പാകമാകുന്ന കളസം.''

*ആനന്ദ് സി.ആർ., കോടാലി, തൃശൂർ*

## പരിസ്ഥിതി പ്രവർത്തകർ വായിച്ചിരിക്കേണ്ടത്

**പ്രകൃതി, പരിസ്ഥിതി, ദാരിദ്ര്യം, ഊർജ്ജം**

**ആനന്ദ്**



സംരക്ഷണത്തിന്റെയും അതിജീവനത്തിന്റെയും ഇടയ്ക്ക് പെട്ടിരിക്കുന്ന മാനവജാതിയെക്കുറിച്ച് ചില ചെറിയ ചിന്തകൾ (പഠനം). പേജ് 114, ഡി.സി. ബുക്സ്, കോട്ടയം, വില 60.00 രൂപ.

## മൂന്നാറിലെ കയ്യേറ്റങ്ങൾ

ടൂറിസത്തിന്റെ പേരിൽ മൂന്നാർ പ്രത്യേക ടൂറിസം മേഖലയാക്കിയതും തിരിച്ചുപിടിക്കുന്ന ഭൂമി അന്യാധീനപ്പെട്ട് പോവാതിരിക്കാൻ അടിയന്തിരമായി നിയമനിർമ്മാണം നടത്താത്തതും ഏറ്റെടുക്കുന്ന വനേതര ഭൂമി ഭൂരഹിതരായ ആദിവാസികൾക്കും മറ്റു ദുർബ്ബല വിഭാഗങ്ങൾക്കും ഭക്ഷ്യവിളകൾ കൃഷി ചെയ്യുവാൻ കഴിയുന്ന വിധത്തിൽ കൈമാറ്റം അസാദ്ധ്യമാക്കി വിതരണം ചെയ്യാത്തതിലും പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും ഇതുസംബന്ധിച്ച് പൊതു സമീപനം രൂപീകരിക്കാൻ ഇപ്പോഴുള്ള സ്ഥിതിഗതികളുടെ ധവളപത്രം ഇറക്കുന്നതു കൂടാതെ പാരിസ്ഥിതിക ആഘാത പഠനങ്ങൾ നടത്താത്തതിലും പ്രതിഷേധിച്ച് ജീവന്റെ ഭാവിയിലും കേരളത്തിന്റെ സുസ്ഥിതിയിലും താല്പര്യമുള്ള സാധാരണ ജനങ്ങൾ മുന്നോട്ടു വരേണ്ടതുണ്ട്.

*യേശുദാസ് വരാപ്പുഴ,*
*പരിസ്ഥിതി സാംസ്കാരിക കൂട്ടായ്മ, എറണാകുളം*

## തൂത്തംപാറ എസ്റ്റേറ്റ് സംരക്ഷിക്കണം

പാലക്കാട് നെല്ലിയാമ്പതിയിലുള്ള തൂത്തംപാറ എസ്റ്റേറ്റ് സർക്കാർ പോബ്സണിൽനിന്ന് ഏറ്റെടുത്ത് വനംവകുപ്പിന് കൈമാറിയെങ്കിലും പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയ്ക്ക് വിട്ടുകൊടുക്കാൻ തീരുമാനിച്ചല്ലോ. എന്നാൽ വനത്തിനോട് ചേർന്ന അനേകം ജന്തു സസ്യ ജീവജാലങ്ങളുള്ള ഈ ഭൂപ്രദേശം എന്റോസൾഫാൻ തളിയ്ക്കലിലൂടെ കുപ്രസിദ്ധമായ പി.സി.കെ.യ്ക്ക് വിട്ടുകൊടുക്കുന്നത് ഒരു ദുരന്തമായേക്കും. വൈദ്യുതവേലി ഉറപ്പിച്ച് വന്യജീവികൾക്ക് അപകടം ഉണ്ടാക്കാതെ ഇപ്പോൾ തന്നെ കാലാവസ്ഥ മാറ്റത്തിന് പോലും കാരണമായ വനനാശം ഉണ്ടായ നെല്ലിയാമ്പതി മേഖലയിൽ വന്യമൃഗങ്ങൾക്കും കൃഷിയ്ക്കും നിലനില്പിനായി എസ്റ്റേറ്റ് കാടായി സംരക്ഷിക്കുകയാണ് വേണ്ടത്. പോബ്സണുവേണ്ടി കേന്ദ്രമന്ത്രി ജയറാം രമേശ് മുഖ്യമന്ത്രിയ്ക്ക് കത്തെഴുതിയത് വിവാദമായത് ഓർക്കണം. നെല്ലിയാമ്പതി മേഖല മുടിച്ച, നിർമ്മിത മണൽ (എം.സാന്റ്) ഉണ്ടാക്കാനായി പാറക്കൂട്ടങ്ങളെ നശിപ്പിക്കുന്ന, വിളപ്പിൽശാലയിലെ മാലിന്യം സർക്കാർ പണം തട്ടാനുള്ള അഴിമതിയാക്കിയ, രാസവളം, 'പോബ്സ് ഗ്രീൻ' ''സുരക്ഷിത ജൈവവള''മായി കൃഷിവകുപ്പിന്റെ സഹായത്തോടെ വിതരണം ചെയ്യുന്ന ഈ കുത്തക കമ്പനിയെ രക്ഷിക്കേണ്ടത് ജയറാം രമേശുമാർക്കും നിക്ഷിപ്ത താല്പര്യക്കാരുടെയും ആവശ്യമായിരിക്കാം, കേരള ജനതയുടേതല്ല. തൊഴിലിനും വികസനത്തിനും നിക്ഷേപത്തിനും വേണ്ടി എന്തു തോന്ന്യവാസവും ഒരു ജനപക്ഷ ഗവൺമെന്റ് അനുവദിച്ചുകൂടാ.

*എ.ജി. അപ്പൻ , തത്തമംഗലം, ചിറ്റൂർ*

**റഫീഖ് അഹമ്മദ്** | **വരയും വരിയും**

